## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4450** **18-03-2025 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ ബാങ്കുകൾക്കായുള്ള മോഡൽ ബൈലോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സഹകരണ ബാങ്കുകൾക്കായി കേന്ദ്രസർക്കാർ തയ്യാറാക്കിയ മോഡൽ ബൈലോ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സഹകരണ മന്ത്രാലയം രാജ്യത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും പൊതുവായി ഒരു മാതൃകാ നിയമാവലി തയ്യാറാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് മോഡൽ ബൈലോയിലെ വ്യവസ്ഥകളിന്മേൽ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞതിൽ സംസ്ഥാന സഹകരണ നിയമത്തിന് വിരുദ്ധമായ വ്യവസ്ഥകളിൽ കേരളത്തിന്റെ അഭിപ്രായവും വരുത്തേണ്ട ഭേദഗതികളും കേന്ദ്ര സഹകരണ മന്ത്രാലയത്തെ അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത അഭിപ്രായങ്ങൾ പരിഗണിക്കാതെ, അംഗീകരിച്ച മോഡൽ ബൈലോയുടെ പകർപ്പ് സംസ്ഥാനങ്ങളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്നതിനായി നൽകേണ്ടതാണ് എന്നും സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും സെപ്റ്റംബർ 2023 നകം മോഡൽ ബൈലോ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാന സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ വ്യവസ്ഥകൾ ഉള്ള പ്രസ്തുത മാതൃകാ നിയമാവലി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ബി) | മോഡൽ ബൈലോ അംഗീകരിക്കാത്തതിന്റെ ഫലമായി സബ്സിഡിയോട്ടുകൂടിയ കേന്ദ്രസർക്കാർ പദ്ധതികൾ സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നഷ്ടമായത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | മോഡൽ ബൈലോ അംഗീകരിക്കാത്തതിന്റെ ഫലമായി സബ്സിഡിയോട്ടുകൂടിയ കേന്ദ്രസർക്കാർ പദ്ധതികൾ ഒന്നും നിലവിൽ സംസ്ഥാനത്തിന് നഷ്ടമായിട്ടില്ല. |

സെക്ഷൻ ഓഫീസർ